# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 386 — 15.07.2015 -ൽ മറുപടിക്ക്

**പ്ലാച്ചിമട ട്രൈബ്യൂണൽ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീമതി. കെ.എസ്.സലീഖ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. വി.ചെന്താമരാക്ഷൻ<br>ശ്രീ. കെ.വി. വിജയദാസ് | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |

(എ) കൊക്കകോള കമ്പനിയുടെ ജലചൂഷണം മൂലം ദുരിതം നേരിട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ട്രൈബ്യൂണൽ രൂപീകരിക്കാൻ മുൻ സർക്കാരിന്റെ കാലത്ത് നിയമസഭ പാസ്സാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തിനായി സമർപ്പിച്ച ബില്ലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത ബില്ലിനെക്കുറിച്ച് രാഷ്ട്രപതി വിശദീകരണം ആവശ്യപ്പെടുകയോ ബിൽ മടക്കി അയയ്ക്കുകയോ ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത ബില്ലിന് അംഗീകാരം നേടിയെടുക്കുന്നതിനായി ഈ സർക്കാർ ശ്രമിച്ചിട്ടുണ്ടോ; ഇനി എന്തു ചെയ്യാൻ ഉദ്ദേശിക്കുന്നു; വിശദമാക്കാമോ?

(എ), (ബി) & (സി) നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്ലാച്ചിമട ട്രിബ്യൂണൽ കൊക്കകോള വിക്റ്റിംസ് റിലീഫ് ആന്റ് കോമ്പൻസേഷൻ ക്ലെയിംസ് ബിൽ ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചിരുന്നു. എന്നാൽ വിഷയവുമായി ബന്ധപ്പെട്ട ഭരണഘടനാ വകുപ്പുകൾ ചൂണ്ടിക്കാട്ടി സോളിസിറ്റർ ജനറലിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം, പ്രസ്തുത ബിൽ പിൻവലിയ്ക്കാൻ നിർദ്ദേശിച്ചിരിക്കുകയാണ് പ്രസ്തുത ബിൽ യാതൊരടിസ്ഥാനത്തിലും പിൻവലിക്കാൻ കഴിയില്ലെന്നും ആയതിനാൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശം പുനഃപരിശോധിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

JSK/